# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1554 — 21.03.2012-ൽ മറുപടിയ്ക്ക്

## പി.സി.കെ. യുടെ തോട്ടത്തിലെ അഗ്നിബാധ

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ: | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| --- | --- |
| എ) 23.2.2012-ന് കാസർഗോഡ് ജില്ലയിലെ രാജപുരത്തുള്ള പി.സി.കെ.യുടെ തോട്ടത്തിൽ അഗ്നിബാധയുണ്ടായകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി)തീ പിടിച്ചു നശിച്ച സ്ഥലവിസ്തൃതിയും നഷ്ടവും എത്രയെന്ന് വിശദമാക്കുമോ; | ബി)ഏകദേശം 13 ഹെക്ടർ. ഉദ്ദേശം 15 ലക്ഷം രൂപ. |
| സി)തീപിടിത്തത്തിനും,സ്വകാര്യവ്യക്തികളുടേതടക്കമുള്ള സ്ഥലങ്ങളിലേയ്ക്ക് അതിവേഗം തീപടർന്നുപിടിച്ചതിനും ഇടയായ കാരണങ്ങൾ വ്യക്തമാക്കുമോ; | സി) തീപിടുത്തത്തെ സംബന്ധിച്ച അന്വേഷണം നടത്തിവരുന്നു. അതിശക്തമായ കാറ്റുകൊണ്ടാണ് തീ പടർന്നുപിടിച്ചത്. കോർപ്പറേഷനിലെ ജീവനക്കാരുടെയും നാട്ടുകാരുടെയും തക്കസമയത്തുള്ള ഇടപെടൽമൂലം തീ നിയന്ത്രണവിധേയമാക്കുവാനും കോർപ്പറേഷന്റെ നഷ്ടം കുറയക്കുവാനും കഴിഞ്ഞു. |
| ഡി) ഇക്കാര്യത്തിൽ സ്വകാര്യവ്യക്തികൾക്കുണ്ടായ നഷ്ടത്തിന് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ? | ഡി) വേനൽക്കാലത്ത് എസ്റ്റേറ്റുകളിൽ കാട്ടുതീ ഉണ്ടാകാറുണ്ട്. കോർപ്പറേഷനിലെ ജീവനക്കാർ യഥാസമയം ഇടപെട്ട് നിയന്ത്രണവിധേയമാക്കാറാണ് പതിവ്. തീ പിടുത്തംമൂലമുണ്ടായ നഷ്ടം കണക്കാക്കുന്നതിന് ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ